**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2410 — 18.07.2011 - ൽ മറുപടിയ്ക്ക്

**തസ്തിക മാറ്റം വഴിയുള്ള നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. വി. ശ്രേയാംസ് കുമാർ** | **ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| (എ) സഹകരണ വകുപ്പിൽ തസ്തിക മാറ്റം/ ഉദ്യോഗക്കയറ്റം വഴി ജൂനിയർ ഇൻസ്പെക്ടർ / ആഡിറ്റർമാരാകുന്ന യു.ഡി.സി./യു.ഡി.റ്റി മാരുടെ 2011 ലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ, എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) 2011 ലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല |
| (ബി) മതിയായ യോഗ്യതകളില്ലാത്ത യു.ഡി.സി./യു.ഡി.റ്റി മാരുടെ അഭാവത്തിൽ ഒഴിവുകൾ മാറ്റിവയ്ക്കാതെ പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് നൽകണമെന്ന സഹകരണ സർവ്വീസ് റൂൾസ് 1962 ന്റെ ഭാഗം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) നിശ്ചിത യോഗ്യതയുള്ള യു.ഡി.സി / യു.ഡി.റ്റി മാരുടെ അഭാവത്തിൽ 2:2:1 എന്ന നിലവിലുള്ള അനുപാതത്തിൽ ആവശ്യമെങ്കിൽ മാറ്റം വരുത്താവുന്നതാണെന്ന് 1962 ലെ കേരള സഹകരണ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 2(ബി) യുടെ പ്രൊവിസൊയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) ഇത്തരത്തിൽ 2011 മെയ് 1 -ന് ശേഷം എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (സി) 2011 മെയ് 1 ന് ശേഷം ഇത്തരത്തിൽ ഒഴിവുകൾ ഒന്നും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല |
| (ഡി) 2010-ൽ ജെ.ഡി.സി. പരിശീലനത്തിന് എത്ര യു.ഡി.സി. / യു.ഡി.റ്റി മാരെ സഹകരണ വകുപ്പിൽ നിന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്, അവരിൽ എത്ര പേർ 14-07-2011-നകം ജൂനിയർ ഇൻസ്പെക്ടർ / ഓഡിറ്റർ തസ്തികയിലേയ്ക്ക് യോഗ്യത നേടുമെന്ന് വ്യക്തമാക്കുമോ, അവരുടെ പേരു വിവരം ലഭ്യമാക്കുമോ? | (ഡി) 2010 ൽ ജെ.ഡി.സി. പരിശീലനത്തിനായി 8 ക്ലാർക്കുമാരെയും 15 ടൈപ്പിസ്റ്റുമാരെയും 1 കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെയും നിയോഗിച്ചിട്ടുണ്ട്. അതിൽ 13 ടൈപ്പിസ്റ്റുമാരും 1 കോൺഫിഡൻഷ്യൽ അസിസ്റ്റന്റും ജെ.ഡി.സി. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്ന തീയതിയിൽ ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യത നേടാവുന്നവരാണ്. കൂടാതെ 11 യു.ഡി.ക്ലാർക്കുമാരും ഒരു ടൈപ്പിസ്റ്റും 14.7.2011 ന് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ / ഓഡിറ്റർ തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യത നേടിയിട്ടുണ്ട്. 2010-ൽ ജെ.ഡി.സി. പരിശീലനത്തിന് നിയോഗിക്കപ്പെട്ടവരിൽ യോഗ്യത നേടിയവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2010 ൽ ജെ.ഡി.സി പരിശീലനത്തിന് നിയോഗിച്ചിട്ടുള്ളവരിൽ ജൂനിയർ ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യത നേടിയിട്ടുള്ളവരുടെ പേര് വിവരം

1. ശ്രീമതി പി.കെ. മീര
2. ശ്രീ പി.കെ. അരവിന്ദാക്ഷൻ
3. ശ്രീ എം. സുബിൻ ദാസ്
4. ശ്രീ.അൻവർ ഹൈക്കൺ
5. ശ്രീമതി.സി.ബീന
6. ശ്രീമതി സബീന എം. മീര
7. ശ്രീമതി.സുനിത വി കാസിം
8. ശ്രീമതി കെ.എം. മജിത
9. ശ്രീ.എസ്. അജികുമാർ
10. ശ്രീമതി എസ്. ശ്രീലേഖ
11. ശ്രീമതി.പി.ആർ. ഗിരിജ
12. ശ്രീമതി സി.ഷൈനി
13. ശ്രീ.കെ.പി. അജിത് കുമാർ
14. ശ്രീ എ. രാജു – കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്